**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4408** — **28-10-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കെയർ ഹോം പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു എന്ന് അറിയിക്കാമോ; | (എ) | 2021 ഒക്ടോബർ 11-ാം തീയതി വരെ സംസ്ഥാനത്തൊട്ടാകെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കെയർഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ അനുമതി ലഭിച്ച 2092 വീടുകളിൽ 18 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. |
| (സി) | ഇത്തരത്തിൽ വീട് ലഭിച്ചവരുടെ തുടർ ക്ഷേമത്തിനായി ആവിഷ്കരിച്ച കെയർഗ്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് കെയർ ഗ്രേസ്. പദ്ധതിയുടെ ഭാഗമായി കെയർഹോം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപ്പുസ്തകം, പ്രധാന രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ